ജില്ലയിൽ വ്യവസായം തുടങ്ങുന്ന സംരംഭകർക്ക് പ്രത്യേക പാക്കേജ് കൊടുക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യം. ഇത് പരിഗണിക്കാവുന്ന ഒരാവശ്യമാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയിൽ വ്യവസായ പാർക്കുകൾ ധാരാളം വന്നിട്ടുണ്ട്. അവിടെ ധാരാളം സ്ഥലവുമുണ്ട്. അതുപോലെതന്നെ അവിടെ ഐ.ടി. പാർക്കും വരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യും മറ്റ് ഏജൻസികളുമൊക്കെ കാസർഗോഡ് ജില്ലയ്ക്കുവേണ്ടി പലിശയിളവ് ഉൾപ്പെടെ ഒരു പാക്കേജ് നല്കുന്നതിനായി ആലോചിക്കുന്നുണ്ട്. തീർച്ചയായും അതിനുവേണ്ടിയുള്ള ഒരു തീരുമാനം ഈ ഗവൺമെന്റ് എടുക്കുന്നതാണ്.

(14) തോട്ടം മേഖലയിലെ ഭക്ഷ്യധാന്യ വിതരണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, എന്റെ മണ്ഡലത്തിൽ ഏറ്റവും കൂടുതലുള്ള തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ ബഹുമാന്യരായ ആര്യാടൻ മുഹമ്മദ് സാറും തൊഴിൽ വകുപ്പുമന്ത്രിയും കഴിഞ്ഞ മാസങ്ങളിൽ വളരെ പ്രയാസപ്പെട്ടാണ് പരിഹരിച്ചത്. കൂടുതൽ ജോലി, കൂടുതൽ കൂലി എന്നുള്ള നിലയിലേയ്ക്ക് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ട അവസരത്തിലും ഇത്രയും വിലക്കയറ്റമുള്ള സാഹചര്യത്തിൽ സിഡ്കോയിലൂടെ ചില സ്ഥാപനങ്ങൾ അവിടെ നടത്തിവരുന്നതുകൊണ്ട് സാധാരണഗതിയിൽ ഒരു കിലോ അരിക്ക് 10 രൂപയെങ്കിലും മാർക്കറ്റ് വിലയേക്കാൾ കുറവ് കിട്ടുകയും പലചരക്ക് സാധനങ്ങൾ സാലറി ഡിഡക്ഷനിലൂടെ അവർക്ക് വാങ്ങിക്കുവാനുള്ള സാഹചര്യവും ഉണ്ടായിരുന്നു. നാല് മാസക്കാലമായി ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല. ഏകദേശം 40 കോടി രൂപയ്ക്ക് മുകളിലുള്ള വികസന പ്രവർത്തനങ്ങളുടെ തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളും അടിസ്ഥാന സൗകര്യങ്ങൾ നടത്തുന്നതിനുവേണ്ടി എസ്.സി. ഡിപ്പാർട്ടുമെന്റ് കൊടുത്തിട്ടുള്ള തുകയും അസറ്റ് ഫണ്ടിലുള്ള തുകയുമൊക്കെ സിഡ്കോയിലുണ്ട്. ഇങ്ങനെ വിവിധ പദ്ധതികളുൾപ്പെടെയുള്ള പ്രവർത്തനങ്ങളെല്ലാം സിഡ്കോയിലുള്ള സാഹചര്യത്തിൽ ഞാൻ തന്നെ നേരിട്ട് നാല് മാസത്തിനിടയ്ക്ക് മൂന്നുനാലുപ്രാവശ്യം പോവുകയും അവിടത്തെ എം.ഡി.യെയും ചെയർമാനെയും കാണുകയും ചെയ്തു. യാതൊരുവിധ പ്രയോജനവും ഉണ്ടായില്ലെന്ന് മാത്രമല്ല അതിന്റെ പ്രവർത്തനം നിശ്ചലമായി നിൽക്കുകയുമാണ്. ഈ മാസം അവിടുത്തെ ജീവനക്കാർക്കുപോലും ശമ്പളം കൊടുക്കാൻ സാധിക്കുമോ എന്നുള്ളത് കണ്ടറിയണം. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുവാൻ RIAB എന്ന ഒരു സ്ഥാപനമുണ്ട്. അത് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. സിഡ്കോയെയും RIAB-നേയും അതിന്റെ ചുമതലക്കാരനായ സെക്രട്ടറിയെയും രക്ഷപ്പെടുത്തണം. ഈ സെക്രട്ടറി തന്നെയാണ് സിഡ്കോയുടെ എം.ഡി. ആകെ പ്രയാസത്തിൽനിൽക്കുന്ന ഈ സാഹചര്യത്തിൽ അങ്ങ് മറ്റൊരാളെ കണ്ടെത്തി ഈ സ്ഥാപനം നിലനിർത്തുവാനും

LIBRARY ARCHIVES Kerala Legislative Assembly

ഈ സ്ഥാപനങ്ങൾ വീണ്ടും നടത്തിക്കൊണ്ടുപോകുവാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ എനിക്ക് എഴുതിത്തന്നത് കണ്ണൻദേവൻ തോട്ടം ജീവനക്കാർക്ക് അവിടെയൊരു സ്റ്റോർ ഉണ്ടെന്നും അതിന് 6 ലക്ഷം രൂപ വിറ്റുവരവുണ്ടെന്നും അത് ശരിയാക്കണമെന്നുമൊക്കെയാണ്. ഇപ്പോൾ ഇവിടെ പറഞ്ഞത് വേറെ എന്തൊക്കെയോ ആണ്. ഞാൻ ഏതിനാണ് മറുപടി പറയേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സ്റ്റോർ നടത്തുന്നത് സിഡ്കോയാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കണ്ണൻ ദേവൻ പ്ലാന്റേഷൻ ജീവനക്കാർക്കും തൊഴിലാളികൾക്കും അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി കരാർ നൽകുവാൻ സിഡ്കോ ഒരു സ്റ്റോർ അവിടെ തുറന്നിരുന്നു. അതിന്റെ നടത്തിപ്പ് കാര്യക്ഷമമാക്കണമെന്ന ആവശ്യം തീർച്ചയായും നടപ്പാക്കുന്നതാണ്.

(15) ഐ. റ്റി. പാർക്ക്

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ബഹുമാനപ്പെട്ട മഞ്ചേശ്വരം മെമ്പർ ശ്രീ. പി. ബി. അബ്ദുൾ റസാക് കാസർഗോഡ് ജില്ലയുടെ വ്യവസായ പിന്നോക്കാവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2011-ൽ എന്റെ മണ്ഡലമായ തൃക്കരിപ്പൂരിൽ ചീമേനി വില്ലേജിൽ 100 ഏക്കർ സ്ഥലത്ത് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഒരു ഐ.റ്റി. പാർക്കിന് തറക്കല്ലിട്ടു. ഇപ്പോൾ 5 വർഷമായി. അവിടെ ചുറ്റുമതിൽ കെട്ടി, അതിനുമുകളിൽ കമ്പിവേലി കെട്ടി സംരക്ഷിച്ചിരിക്കുകയാണ്. എല്ലാ ഭാഗത്തും റോഡും ഇലക്ട്രിസിറ്റി സൗകര്യവും വാട്ടർ സപ്ലൈ സൗകര്യവുമുള്ളതിനാൽ അനുയോജ്യമായ സ്ഥലമാണത്. പക്ഷേ ഇന്നുവരെ ആ പാർക്കിന്റെ പ്രവൃത്തി ആരംഭിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നത്തേയ്ക്ക് ഇതിന്റെ പ്രവൃത്തി പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കാൻ സാധിക്കും? ഇതിനുമുമ്പും ഈ വിഷയം സംബന്ധിച്ച് ഞാൻ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. വേഗത്തിൽ അതിന്റെ പണി ആരംഭിക്കുമെന്ന് അന്ന് ഉറപ്പുനൽകിയതാണ്. പക്ഷെ ഇന്നും അത് ഒരു അനങ്ങാപ്പാറ നിലയിലാണ് നിൽക്കുന്നത്. മറ്റൊരുകാര്യം, അവിടെ എം.എസ്.എം.ഇ. എന്നൊരു സ്ഥാപനം ആരംഭിക്കാൻവേണ്ടി 25 ഏക്കർ സ്ഥലം വിദഗ്ധൻമാർ വന്ന് പരിശോധിച്ച് അനുയോജ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും പിന്നാക്കാവസ്ഥയിലുള്ള ഒരു ജില്ലയിലാണിത്. എം.എസ്.എം.ഇ. എന്ന സ്ഥാപനം സെൻട്രൽ ഗവൺമെന്റിൽനിന്ന്

LIBRARY ARCHIVES Kerala Legislative Assembly